# ‘സ്നേഹം + സത്യം = ആത്മീകവളർച്ച’

## എഫേസ്യർ 4:15

‘‘സ്നേഹത്തിൽ സത്യം സംസാരിച്ചു കൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും.’’

എഫേസ്യ ലേനം 4–)0 അദ്ധ്യായം മുഴുവനും പ്രതിപാദിക്കുന്ന വിഷയം എന്നു പറയുന്നത് ഒരുമനപ്പും ആത്മീക വളർച്ചയുമാണ്. ക്രിസ്തു തലയായുള്ള അവന്റെ സഭയുടെ ശരീരത്തിലെ ഭാഗമായ നാം ഓരോരുത്തരും ഒരുമനപ്പിന്റെയും വളർച്ചയുടെയും അവസ്ഥയിൽ ആയിരിക്കണം എന്നാണ് പൗലോസ് ഇവിടെ ആഹ്വാനം ചെയ്യുന്നത്.

ഒരുവൻ ക്രിസ്തുവിലായൽ പുതിയ സൃഷ്ടിയായി എന്നു പറയുന്നതുപോലെ തന്നെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് ക്രിസ്തുവിലായ ഒരുവന്റെ ആത്മീകമായ വളർച്ച. നമ്മൾ എത്രത്തോളം അവന്റെ വചനത്തിന്റെ മുമ്പിൽ ഇരിക്കുന്നുവോ, അവനുമായി പ്രാർത്ഥനയിൽ ജാഗരിക്കുന്നുവോ അത്രത്തോളം നാം ആത്മീകമായി പക്വതയുള്ളവരായി മാറ്റപ്പെടുന്നു അതുമൂലം നമ്മുടെ ചിന്തയിലും പ്രവൃത്തിയിലും നമ്മുടെ കർത്താവിനെ പ്രതിഫലിപ്പിക്കുന്നവരായി മാറുന്നു.

നമ്മൾ സ്വയം ദൈവത്തിൽ വളർന്ന് വരുമ്പോൾ നാം മറ്റു വിശ്വാസികൾക്ക് ദൈവവുമായുള്ള അവരുടെ ബന്ധത്തിലും ആത്മീക വളർച്ചയിലും ഒരു മാതൃക ആകുകയാണ്. ഓരോ വിശ്വാസിയും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്നു ചെവികൊടുക്കുകയും അവന്റെ നിർദ്ദേശത്തിന്നനുസരിച്ച് ഓരോരുത്തരുടെയും പ്രവൃത്തി സഭയിൽ പൂർത്തീകരിക്കുകയും ചെയ്യുമ്പോൾ അവിടെ ഒരുമനപ്പിന്റെ അവസ്ഥയുണ്ടാകുകയും അത് ദൈവസന്നിധിയിൽ ഏറ്റവും പ്രീതികരമാവുകയും ചെയ്യുന്നു. വിശ്വാസിയുടെ ഈ ഒരുമനപ്പും വളർച്ചയും രക്ഷയുടെ അനുഭവത്തിലേക്ക് വന്നിട്ടില്ലാത്തവർക്ക് ഒരു പ്രചോദനമാകുവാൻ തക്കവണ്ണം ദൈവം ഇടയാക്കും.

ഏങ്ങനെയാണ് നാം സ്നേഹത്തിൽ സത്യം സംസാരിക്കുന്നത്? സ്നേഹമില്ലാതെ നമുക്ക് നമ്മുടെ പ്രവൃത്തികൾ ഒരിക്കലും പൂർണ്ണതയിൽ എത്തിക്കുവാൻ സാധിക്കുകയില്ല, അതു പോലെ തന്നെ നാം സത്യം സ്നേഹത്തിൽ സംസാരിക്കണം. ഒരു കവി പറഞ്ഞിട്ടുണ്ട് ‘സത്യവും സ്നേഹവും ഒരിക്കലും പിരിയാൻ സാധിക്കാത്തവണ്ണം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു’’ എന്ന്. കാരണം സ്നേഹമുള്ളിടത്തെ യഥാർത്ഥ സത്യം വെളിപ്പെടുകയുള്ളൂ, സത്യമുള്ളിടത്തെ യഥാർത്ഥമായ സ്നേഹം കാണുകയുള്ളൂ. ഈ ഒരു കാര്യം നമ്മുടെ ആത്മീകജീവിതത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് കാരണം

സ്നേഹത്തെക്കുറിച്ച് പൗലോസ്ശ്ലീഹാ തന്നെ കൊരിന്ത്യലേനത്തിൽ ഒരദ്ധ്യായം മുഴുവൻ സംസാരിക്കുന്നുണ്ട്

നാം നമ്മുടെ ലൗകീക കുടുംബങ്ങളിൽ എങ്ങനെയാണോ പെരുമാറുന്നത് അതുപോലെ അതേ സ്നേഹത്തിൽ ആയിരിക്കണം നമ്മുടെ ആത്മീക കുടുംബത്തിലും. നമ്മുടെ കൂട്ടുസഹോദരങ്ങളോട് വളരെയധികം ദയയും മനസ്സലിവും ക്ഷമയും ഉള്ളവരായിരിക്കണം. കൂട്ടായ്മയിൽ എന്തെങ്കിലും ഒരു പ്രശ്നമുണ്ടായാൽ അതിനെ മാറിനിന്ന് കുറ്റം വിധിക്കുന്നവരാകാതെ അത് വളരെ ശ്രദ്ധാപൂർവ്വം തികഞ്ഞ സ്നേഹത്തിലും ക്ഷമയോടും കൂടി കൈകാര്യം ചെയ്യാൻ കഴിയണം. ഓരോരുത്തരുമായി ഇടപെടുമ്പോൾ തികഞ്ഞ സ്നേഹത്തിലും സമാധാനത്തിലും ക്ഷമയിലും ആയിരിക്കണം പെരുമാറേണ്ടത്. ഇത് നമ്മുടെ ആത്മീക വളർച്ചയിലൂടെ കൈവരുന്ന ഒരു കാര്യമാണ്.

32–)0 വാക്യത്തിൽ പറയുന്നു "നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതു പോലെ അന്യോന്യം ക്ഷമിപ്പിൻ."

എഫേസ്യർ 5:1–ൽ പറയുന്നു "ആകയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ."

ക്രിസ്തു എന്ന തലയോളം വളർന്നുകൊണ്ടിരിക്കുന്ന അവന്റെ ശരീരമാകുന്ന സഭയിലെ അംഗങ്ങളാകുന്ന നാം ഓരോരുത്തരും സത്യം സ്നേഹത്തിൽ സംസാരിച്ച് പരസ്പരം സ്നേഹത്തിലും, സന്തോഷത്തിലും, സമാധാനത്തികും വളർന്നു വന്നെങ്കിൽ മാത്രമേ പ്രിയമക്കളെന്നുള്ള വിളിപ്പേരിന്നു യോഗ്യരായ നമുക്കോരോരുത്തർക്കും അവനെ അനുകരിപ്പാൻ സാധിക്കുകയുള്ളൂ. അതിന്നു ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

റോമർ 13:8

"അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുതു; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ."

ബ്രദർ ബിനു ബേബി ആലപ്പുഴ 19